സർ, 211-ഉം 264-ഉം ഒരേ കാര്യം തന്നെയാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണനും ബഹുമാനപ്പെട്ട തങ്കപ്പനും ഒക്കെ വിശദീകരിക്കുകയുണ്ടായി. അതിൽ ഒരൊററ കാര്യമേ പറയേണ്ടതുള്ളൂ. ഇപ്പോഴത്തന്നെ ഇവിടെ ഒരു ഓറൽ അമെൻറ്മെൻറ് വേണ്ടതായി വന്നു. അതിനു കാരണമെന്താണ്. നിയമിക്കുന്ന ജഡ്ജി ഒരു സിററിംഗ് ജഡ്ജി എന്നുള്ള ഒരു പേര് മാത്രം വച്ചതുകൊണ്ടാണ്. അതുകൊണ്ടാണ് ഈ രണ്ട് അമെൻറ്മെൻറിലും അതുപോലെ മററ് അമെൻറ്മെൻറുകളിലുമൊക്കെ 3 കൊല്ലം സർവ്വീസ് കിട്ടാവുന്നവിധത്തിൽ കാലാവധിയുള്ള ഒരു ജഡ്ജിയായിരിക്കണമെന്ന് പറഞ്ഞത്. ആ കാര്യം കണക്കിലെടുത്തുകൊണ്ട് ഹൈക്കോടതിയിൽ 2 കൊല്ലം സിററിംഗുള്ളതും 3 കൊല്ലം ഈ കമ്മീഷനിൽ ഇരിക്കാൻ കാലാവധിയുള്ളതുമായ ഒരാളായിരിക്കണമെന്നു പറഞ്ഞതിനു കാരണം അതാണ്. അതു 211. അതുകൊണ്ട് ഞാൻ അതു കൂടുതൽ വിശദീകരിക്കുന്നില്ല. 236. അതിനെ സംബന്ധിച്ചു പറയുമ്പോൾ.......................... if a member who holds office as Judge of the Supreme Court or of the High Court is not available to be the Chairman. A report on such non availability shall be laid before the Legislative Assembly.......................... ആ റിപ്പോർട്ടിന്റെ കൂടെ together with all Correspondence വയ്ക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. എന്താണെന്നുപറഞ്ഞാൽ അവയിലബിലിററി നോൺ അവയിലബിലിററി എന്നത് ഏത് അടിസ്ഥാനത്തിലാണെന്ന് സഭയ്ക്ക് മനസ്സിലാക്കേണ്ടതായി വരും. ഇപ്പോഴത്തെ ചെയർമാനായി ഇവിടെ നിയമിക്കപ്പെട്ടിട്ടുള്ള ജഡ്ജി ഒന്നര മാസം കഴിഞ്ഞാൽ പിരിഞ്ഞു പോകേണ്ട ആളാണ്. അതുപോലെ ഏതെങ്കിലും അഡ്ജസ്റ്റുമെൻറ് നടത്താൻ വേണ്ടിയാണോ ഈ തിരിമറിയെന്ന് മനസ്സിലാക്കാൻ സഭയ്ക്ക് സാധിക്കും. ആ കറസ്പോണ്ടൻസും വയസ്സും കാലാവധിയും കിട്ടിയാൽ. അതുകൊണ്ട് അതിനെ സംബന്ധിച്ചു നടത്തിയിട്ടുള്ള എല്ലാ കറസ്പോണ്ടൻസും റിപ്പോർട്ടിന്റെ കൂടെ സഭയിലേക്കു വയ്ക്കണമെന്ന ഒരു ഭേദഗതിയാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(676) "at the end of the explanation" add the following words "for three months and by those three months a new chairman shall be nominated as stipulated in clause 3, sub-section

(2) Sub-section (1)"

സർ, ഞാൻ എന്റെ 676-ാം നമ്പർ ഭേദഗതി നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ഒരു എക്സ്പ്ലനേഷനുള്ള അമെൻറുമെൻറാണ്. അതിനു മുൻപ് എനിക്ക് ഒരു കാര്യം പറയാനുണ്ട്. ഈ ഓർഡിനൻസ് കൊണ്ടുവന്നതിനെ സംബന്ധിച്ച് വാസ്തവത്തിൽ ഇവിടെ നേരത്തേ സൂചിപ്പിച്ചതാണ്. ഈ ഓർഡിനൻസ് മൂവ്ചെയ്യുമ്പോൾ അവർക്ക് സഭയെ ബോദ്ധ്യപ്പെടുത്താൻ കഴിയുമായിരുന്ന, അല്ലെങ്കിൽ കഴിഞ്ഞ ഒരു സാഹചര്യമില്ലായിരുന്നു. ആ ഓർഡിനൻസിനെത്തുടർന്ന് അവർ ചിലതിനെ കമ്മിഷനായി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. ആ കമ്മീഷന്റെ കോൺസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചുള്ളതാണല്ലോ ഈ പ്രൊവിഷൻ. ഇവിടെ അമെൻഡഡ് ക്ലാസ്സിൽ പറയുന്നത് ഒന്ന് ശ്രദ്ധിക്കണമെന്ന ഒരു അപേക്ഷ എനിക്കുണ്ട്.

"Provided that a member who has held office as a Judge of the Supreme Court or of the High Court shall be the Chairman only if a

LIBRARY ARCHIVES Kerala Legislative Assembly

member who holds office as Judge of the Supreme Court or of the High Court is not available to be the Chairman. A report on sach non-availability shall be laid before the Legislative Assembly during its next session by the Chief Minister". തുടർന്നുള്ള അമെൻറഡ് ക്ലാസിൽ പറയുന്നുണ്ട്,

"(3) The members of the commission shall be,—

(i) a person who holds or has held office as a Judge of the Supreme Court or of the High Court;

(ii) a person who is qualified to be appointed as a Judge of the High Court or who holds office as a Judge of the High Court; and

(iii) a person who is an officer not below the rank of Commissioner and Secretary to the Government." വളരെ ഹൈസൗണ്ടിംഗ് ആയിട്ടുള്ള objects and reasons ഈ ബില്ലിൽ എഴുതിച്ചേർത്തിട്ടുണ്ടായിരുന്നു. അതുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് എനിക്ക് തോന്നുന്നു. അത് കേട്ടാലെ മനസ്സിലാകൂ എത്രത്തോളം പർപ്പസ് ഡിഫീററു ചെയ്തിരിക്കുന്നുവെന്ന്. ഈ ബിൽ പസ്സായിട്ടില്ല. പാസ്സാകുന്നതിന് മുൻപുതന്നെ...................... the very purpose for which the Bill has been sought is defeated.. നിങ്ങൾ പറഞ്ഞിരിക്കുന്നതെന്താണ്? Government considered it necessary that the Commission shall consist of a Judicial member, a non-Judicial member and an administrative member for the effective functioning of the Commission Government also propose that the chairman of the commission shall be a sitting Judge of the Supreme Court or of the High Court. In case a sitting Judge is not available to be the Chairman a retired Judge may be the Chairman and that fact has to be reported before the Legislative Assembly by the Chief Minister during its next session. ഇത്രവളരെ സോളം ആയിട്ടുള്ള കാര്യങ്ങളൊക്കെയാണ് ഇതിനകത്ത് പറഞ്ഞിരിക്കുന്നത്. ജഡ്ജിനെത്തന്നെവേണം, സിററിംഗ് ജഡ്ജ്വേണം, അതില്ലെങ്കിൽ മുഖ്യമന്ത്രി ഉടനെ ഈ സഭയെ അറിയിക്കും, ഏത് കാരണവശാലും അങ്ങനെ ഒരു സിററിംഗ് ജഡ്ജിനെ കിട്ടിയില്ലെന്നുള്ളത്. ഇപ്പോൾ മാണി മൂവ് ചെയ്തിരിക്കുന്ന ഭേദഗതി Explanation: Retirement or superannuation as a Judge shall not be a bar for continuing to be the chairman. ഈ എയിംസ് ആൻറ് ഒബ്ജക്ട്സിൻെറ കടലാസിനുപോലും വിലയില്ലാതെ പിച്ചിച്ചീന്തി ഈ സഭയിൽ വലിച്ച് എറിഞ്ഞിരിക്കുകയാണല്ലോ ബഹുമാനപ്പെട്ട മാണി എന്ന് ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. ഇത് അങ്ങ് ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ഇന്ന് രാവിലെ അങ്ങ് ഒരു കാര്യം പറഞ്ഞു. you must so feel that a law should be a good law ഓവർലുക്ക് ചെയ്തോ, അല്ലെങ്കിൽ എന്തെങ്കിലും ഒരു കാര്യത്തിൽ ഒരു നിർബന്ധം പിടിച്ചിട്ടോ we should not adopt a bad legislation. That was your concern എന്നാൽ ഈ എയിംസ് ആൻറ് ഓബ്ജക്ട്സിൽ പറഞ്ഞ മഹത്തായ കാര്യങ്ങൾ, അവർ കൊണ്ടുവന്ന അമെൻറുമെൻറിൻെറ ബോഡിയിൽ പറഞ്ഞിരിക്കുന്ന മഹോന്നതങ്ങളായ ലക്ഷ്യങ്ങളെയൊക്കെ കുഴിച്ചുമൂടി ഒരു ശവപ്പെട്ടിയിൽ അവസാനത്തെ ആണി അടിക്കുകയായിരുന്ന ബഹുമാനപ്പെട്ട മാണി ഇന്ന് രാവിലെ ഈ നിയമസഭയുടെ സാധാരണ മര്യാദകളെ ലംഘിച്ചുകൊണ്ട് പ്രൊപ്രൈററി എല്ലാം കളഞ്ഞ് കുളിച്ച് ഈ എക്സ്പ്ലനേഷൻ കൊണ്ടുവന്നപ്പോഴ് ആണി അടിച്ച് the last nail has been driven. Retirement or superannuation of a Judge shall not be a bar for continuing to be the Chairman.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ആരോ ഒക്കെ സൂചിപ്പിച്ചു, ചിലത് മനസ്സിൽ വച്ചുകൊണ്ടാണ് ഇതിന് റിയലൈസേഷൻ കൊണ്ടുവന്നതെന്ന്. ഒരു ചീഫ് മിനിസ്ററുടെ എക്സ്പിഡിയൻസിയായിരുന്നു ഈ ലെജിസ്ലേഷന്റെ ഉദ്ദേശമെന്ന് ഇപ്പോൾ എല്ലാവർക്കുമറിയാം. അദ്ദേഹത്തെപ്പററിയുള്ള ഒരു കേസ് ഇതിനു മുൻപുണ്ടായിരുന്ന കമ്മീഷന്റെ മുൻപിൽ നിലവിലിരിക്കെ ആ കമ്മീഷനെ ഇല്ലായ്മ ചെയ്തുകൊണ്ട് ഒരു ഓർഡിനൻസ് ഇറക്കി ഒരു പുതിയ കമ്മീഷനെ ഇത്ര പെട്ടെന്ന് കൊണ്ടുവരേണ്ട ആവശ്യം ഒരുപക്ഷേ ചീഫ് മിനിസ്ററുടെ മനപ്രയാസമായിരിക്കാം. അല്ലാതെ ഈ രാജ്യത്തിന് അത്തരം ഒരു ആവശ്യമുണ്ടായിരുന്നില്ല. ഒരു മോഷൻ കൈകാര്യം ചെയ്യുമ്പോഴും അത് നല്ലതാണെന്നൊക്കെ തോന്നുന്നവിധത്തിൽ അതിനെ ഒന്ന് camouflage ചെയ്തുകൊണ്ടുവരാൻ മാണി നന്നായി ശ്രമിച്ചു. അതുകൊണ്ടാണ് ജുഡീഷ്യൽ മെമ്പർ, എക്സിക്യൂട്ടീവ് മെമ്പർ തുടങ്ങിയ പേരിട്ട് പറഞ്ഞെങ്കിലും നിങ്ങൾ അറിഞ്ഞുകൊണ്ട് റിട്ടയർമെന്റിന്റെ വക്കിൽനിൽക്കുന്ന ഒരു ജഡ്ജിയെ അവിടെ അപ്പോയിൻറ്ചെയ്ത് ഈ നാട്ടിനെ കബളിപ്പിക്കുകയായിരുന്നു. ദീപികയിലെ പരസ്യങ്ങളൊക്കെ എന്നെക്കാൾ കൂടുതലായി ബഹുമാനപ്പെട്ട മാണി കാണുമല്ലോ, ഉപകാരസ്മരണയ്ക്ക്, ഇഷ്ടകാര്യ സാദ്ധ്യത്തിന് എന്നൊക്കെ പറഞ്ഞിട്ടുള്ള പരസ്യങ്ങളുണ്ടല്ലോ. അതുപോലെ ഒരു കാര്യമല്ലേ ഇങ്ങനെ ഒരു ജഡ്ജിയെ നിയമിച്ചത്. എന്നിട്ട് അദ്ദേഹം റിട്ടയർ ചെയ്യുമ്പോൾ സർവ്വീസിൽ തുടരാനുള്ള...ഒരു... എക്സ്പ്ലനേഷൻ മിസ്റർ മാണി സബ്ജക്ട് കമ്മിററിയിലും അസംബ്ലിയിലും കൊണ്ടുവന്നില്ല, നിയമത്തിന്റെ ഭാഗമായിരുന്നില്ല, ഇപ്പോൾ പിൻവാതിലിലൂടെ ഞങ്ങളുടെ കൈയിൽ എത്തിച്ചിരിക്കുകയാണ്. ലെജിസ്ലേഷന്റെ ചരിത്രത്തിൽ മര്യാദയില്ലാതെ ഒരു ലെജിസ്ലേഷൻ നടക്കുന്നത് എങ്ങനെയാണെന്നുള്ളതിന് മാണി നൽകുന്ന നല്ല ഒരു സംഭാവനയായിരിക്കും ഈ എക്സ്പ്ലനേഷൻ എന്ന് പറയാനാഗ്രഹിക്കുകയാണ്. മററ് രണ്ട് മെമ്പർമാരെപ്പററി ഇവിടെ ഒരുപാട് കാര്യങ്ങൾ പറഞ്ഞതാണല്ലോ. ഇതിനകത്ത് ഉപകാരസ്മരണകൊണ്ട് നമ്മുടെ സിവിൽസപ്ലൈസ് കോർപ്പറേഷൻ ചെയർമാനായിരുന്ന സഖറിയാ മാത്യു........

ശ്രീ. പാലോട് രവി: അങ്ങ് ഈ സഭയിൽ കാര്യങ്ങൾ വളരെ നന്നായി പറയുകയും നിഷ്പക്ഷമായി കാര്യങ്ങൾ കാണുകയും ചെയ്യുന്ന ഒരാളാണ്. ഐക്യജനാധിപത്യ മുന്നണിക്ക് കേരളത്തിൽ അഴിമതി നിരോധന കമ്മീഷനെ വയ്ക്കാനുള്ള അവസരം കിട്ടിയത് രണ്ട് തവണയാണ്. ഈ രണ്ടുതവണയും സിററിംഗ് ജഡ്ജിമാരെവച്ച പാരമ്പര്യമാണ് കേരളത്തിലുള്ളത്. പക്ഷേ അതിന് ബദലായി നിങ്ങൾക്ക് അവസരം കിട്ടിയപ്പോൾ സിററിംഗ് ജഡ്ജി എന്ന ഒരു വാക്ക് ഉച്ചരിക്കാൻപോലും നിങ്ങൾക്ക് അവസരം കിട്ടിയില്ല. ആ നിങ്ങളാണ് പ്രൊപ്രൈറ്ററിയെക്കുറിച്ച് പറയുന്നത്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ഇവിടെ പറഞ്ഞതാണ് എനിക്ക് മനസ്സിലാകാത്തത്. രണ്ട് പ്രാവശ്യവും സിററിംഗ് ജഡ്ജിയെ നിയമിച്ചതിൽ സന്തോഷിക്കുന്ന അദ്ദേഹം ഈ തവണ സിററിംഗ് ജഡ്ജിക്ക് പകരം എക്സ്പ്ലനേഷൻ കൊണ്ടുവരുമ്പോൾ അതിനെതിരായി ഒന്ന് കൈപൊക്കിയില്ലെങ്കിലും പ്രതിഷേധം രേഖപ്പെടുത്തണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളു. കൈ പൊക്കണ്ട, ഒന്ന് പ്രതിഷേധിച്ചുകൂടേ, ഒന്ന് കരഞ്ഞുകൂടേ? അത് ചെയ്യണമെന്നാണ് എനിക്ക് ഈ കാര്യത്തെസംബന്ധിച്ച് പറയാനുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മാണി എല്ലാവിധത്തിലും you have committed a fraud on this house by this. ഈ സഭയോട് ഇത്ര നേരല്ലാതെ പെരുമാറാൻ കഴിയുമോ? ഒരു നിയമം കൊണ്ടുവരുമ്പോൾ പറയുന്നില്ല. ആ നിയമത്തെപ്പററിയുള്ള എല്ലാ ചർച്ചകളും പ്രതിപക്ഷത്തുനിന്നുള്ള

ശക്തമായ അഭിപ്രായവുമെല്ലാം കേട്ടതിനുശേഷവും സബ്ജക്ട് കമ്മിററിയിൽ പറയാൻ ഉള്ള അവസരമുണ്ടായിരുന്നു. അത് ചെയ്യാതെ ഇവിടെ ഒരു എക്സ്പ്ലനേഷൻ കൊണ്ടു വന്നിരിക്കുകയാണ്. ആ എക്സ്പ്ലനേഷന്റെ പരിധിയിൽ നിന്നുകൊണ്ട് അതിന് ഒരു ഭേദഗതിയാണ് മൂവ് ചെയ്യുന്നത്. At the end of the explanation add the following words. എനിക്ക് ബഹുമാനപ്പെട്ട മാണിയുടെ പ്രയാസം മനസ്സിലാക്കാൻ കഴിയും. നിങ്ങൾ അപ്പോയിന്റ് ചെയ്തുപോയ ജഡ്ജി മിസ്ററർ കെ. എ. നായരോട് അങ്ങ് പൊക്കോ എന്ന് പെട്ടെന്ന് പറഞ്ഞാൽ I don't know നിങ്ങളുടെയൊക്കെ ബന്ധങ്ങൾ എന്തൊക്കെയാണെന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും അതിന് ഒരു pleasantry ക്കെ പറഞ്ഞ് പിരിയാൻ പററുന്നവിധത്തിൽ മൂന്ന് മാസം കൊടുക്കണം. ഇത് ഫെയറാണെന്ന് എനിക്ക് തോന്നുന്നു. ബഹുമാനപ്പെട്ട മാണി അത് അംഗീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹത്തെ ഈ വിഷമത്തിൽ നിന്ന് ഞാൻ bail out ചെയ്യുന്നുണ്ട്. മിസ്ററർ കെ. എ. നായർ മൂന്ന് മാസം ഇരുന്നോട്ടെ. മൂന്ന് മാസംകഴിയുമ്പോൾ എന്റെ സ്നേഹിതൻ രവി പറഞ്ഞതുപോലെ മൂന്നാമതും നമുക്ക് ഒരു സിററിംഗ് ജഡ്ജിനെ നിയമിക്കാൻ കഴിയുന്നവിധത്തിൽ ഉള്ള ഒരു അമെൻറുമെൻറാണ് പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. എന്റെ സ്നേഹിതൻ മാണി അത് സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ മൂവ്ചെയ്യുകയാണ്.

ശ്രീ. ടി. നാണുമാസ്ററർ: ഇതിന്റെ സ്പിരിററ് വന്നതാണ്. പക്ഷേ ഞങ്ങൾ അമെൻറുമെൻറ് എഴുതി തരികയും ഇവിടെ കാത്തിരിക്കുകയുമൊക്കെ ചെയ്യുന്നു. ഞങ്ങൾ ഓരോ പാർട്ടിയുടെ പ്രതിനിധികളാണ്. ഞങ്ങളുടെ അഭിപ്രായം ഇതിൽ വരണമല്ലോ.

സർ, 191-ാമത്തെ ഭേദഗതിയിൽ വരുന്ന സ്പിരിററ് വളരെ ഗുരുതരമാണ്. ഞാൻ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല. യഥാർത്ഥത്തിൽ constitution of the commission നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണിത്. ഈ നിയമനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം അഴിമതി നിരോധന കമ്മീഷന്റെ ഘടന, അതിലെ ആളുകളുടെ നിയമന രീതി, ഇക്കാര്യങ്ങളെക്കുറിച്ചൊക്കെയുള്ള കാര്യങ്ങളാണ് ഈ അമെൻറുമെൻറിലൂടെ വന്നിട്ടുള്ളത്. അത് ഇവിടെ പലരും വിശദീകരിച്ചു. ഈ നിയമം ഉണ്ടാക്കുന്ന അവസരത്തിൽ മുൻപ് ഐക്യജനാധിപത്യമുന്നണി ഒരു അഴിമതി നിരോധന കമ്മീഷനെ നിയമിച്ചു എന്ന് ഇവിടെ പറഞ്ഞു. അതിന്റെ മുൻപിൽ വന്നിട്ടുള്ള ബിസിനസ്സുകളും മററ് കാര്യങ്ങളുമെല്ലാവർക്കുമറിയാം. ആ കമ്മീഷന്റെ മുൻപിലേക്ക് അഴിമതി ആരോപണവുമായി ആരെങ്കിലും ചെന്നാൽ അവർ ആപ്പിലാകുമെന്ന ഏർപ്പാടായിരുന്നുവെന്ന് നമ്മൾ കണ്ടതാണ്. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ നിയമനിർമ്മാണത്തിൽ കുറവുകളുണ്ടെങ്കിൽ അത് പരിഹരിക്കുമെന്ന് അഭിപ്രായപ്പെടുന്നവർ, ഇപ്പോഴെങ്കിലും അവസരം കിട്ടിയപ്പോൾ എല്ലാ കുറവുകളും പരിഹരിച്ചുകൊണ്ട് മാതൃകാപരമായ, നല്ല, നിയമനിർമ്മാണം നടത്തണം. ഇൻഡ്യയ്ക്കാകെ മാതൃകയായിരുന്നു കഴിഞ്ഞ തവണ അവതരിപ്പിച്ച നിയമം. അത് മാററിക്കൊണ്ടു വരുമ്പോൾ 1984-ൽ കൊണ്ടുവന്നതിനേക്കാൾ വളരെ അധഃപതിച്ച ഒരു ഉദ്ദേശ ശുദ്ധിയാണ് ഈ കമ്മീഷന്റെ ഘടനയിൽ തെളിഞ്ഞുകാണുന്നത്. ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഈ നിയമമുണ്ടാക്കിയതിനുശേഷം, ഈ നിയമം പാസ്സായതിനുശേഷം, അതിന്റെ അടിസ്ഥാനത്തിൽ അഴിമതി നിരോധന കമ്മീഷനെ നിയമിക്കുന്നതിനുപകരം കമ്മീഷനെ ധൃതിപ്പെട്ട് നിയമിക്കുകയും ഓർഡിനൻസിലൂടെ കൊണ്ടു വരികയും അതിനുശേഷം ആ കമ്മീഷനെ നിയമിച്ച് കഴിഞ്ഞതിനുശേഷം ഇപ്പോഴും ഇവിടെ കാര്യങ്ങൾ ചർച്ചചെയ്തു കൊണ്ടിരിക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly